"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-ജീവനക്കാര്യം- പൊതു സ്ഥലംമാറ്റ ഉത്തരവിനെതിരെ ഒന്നാംതരം ഓവർസിയർ ശ്രീമതി.ജ്യോതി.സി. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA നം.1330/2023 കേസിന്മേൽ 21.07.2023 ന് പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യൂ.ബി) വകുപ്പ്

സ.ഉ.(സാധാ) നം.1801/2023/LSGD തീയതി,തിരുവനന്തപുരം, 12-09-2023

---

പരാമർശം:-
1. 3/7/2023 ലെ LSGD/PD/1224/2023 നമ്പർ പൊതു സ്ഥലംമാറ്റ ഉത്തരവ്.
2. 13/07/2023-ന് ശ്രീമതി.ജ്യോതി.സി. സർക്കാർ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷ
3. OA നം.1330/2023 കേസിന്മേൽ ബഹു . കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 21.07.2023 ന് പുറപ്പെടുവിച്ച വിധിന്യായം

ഉത്തരവ്

പരാമർശം 1 പ്രകാരമുള്ള ഉത്തരവിനെതിരെ കോഴിക്കോട് കോർപ്പറേഷനിലെ ഒന്നാംതരം ഓവർസിയർ ശ്രീമതി.ജ്യോതി.സി. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA നം.1330/2023 കേസ് ഫയൽ ചെയ്യുകയും, പ്രസ്തുത കേസിൽ ബഹു.കോടതി പുറപ്പെടുവിച്ച പരാമർശം 3 പ്രകാരമുള്ള വിധിന്യായത്തിൽ അപേക്ഷക സർക്കാർ മുമ്പാകെ സമർപ്പിച്ച അപേക്ഷ (Annexure A9) പരിഗണിച്ച്, ടിയാരിയെ നേരിൽ കേട്ട് വിധിന്യായം ലഭിച്ച തീയതി മുതൽ ഒരു മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കുവാൻ ഉത്തരവാകുകയും ചെയ്തിരുന്നു.

2 ) കോഴിക്കോട് കോർപ്പറേഷനിൽ 16.11.2018 മുതൽ ജോലി ചെയ്തു വരികയാണെന്നും, 3.7.2023 ലെ സ്ഥലം മാറ്റ ഉത്തരവിൽ ടിയാരിയെ വടകര മുനിസിപ്പാലിറ്റിയിലേയ്ക്ക് സ്ഥലം മാറ്റിയെന്നും, പ്രസ്തുത സ്ഥലത്തേയ്ക്ക് താമസസ്ഥലത്തുനിന്നും 55 കി.മി. ദൂരം ഉണ്ടെന്നും, 60% ഡിസെബിലിറ്റിയുള്ള ഭിന്നശേഷിക്കാരിയായതിനാലും 5 വർഷത്തേയ്ക്ക് പൊതുസ്ഥലമാറ്റ മാനദണ്ഡത്തിൽ സംരക്ഷണമുള്ളതിനാലും ആവശ്യപ്പെട്ടിരുന്ന സ്ഥലത്തേയ്ക്കോ നിലവിലുള്ള സ്റ്റേഷനിൽ തന്നെയോ നിലനിർത്തണമെന്നാണ് അപേക്ഷക ആവശ്യപ്പെട്ടിരുന്നത്.

3) പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം, കോഴിക്കോട് കോർപ്പറേഷനിൽ നാല്

വർഷത്തിലധികമായി സേവനം അനുഷ്ഠിച്ച വരികയായിരുന്ന ശ്രീമതി.ജ്യോതി.സി പൊതുസ്ഥലം മാറ്റത്തിന് കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് സ്റ്റേഷൻ മാത്രമാണ് ഓപ്റ്റ് ചെയ്തിരുന്നത്. എന്നാൽ അപേക്ഷിച്ച സ്റ്റേഷനിൽ ഒഴിവില്ലാത്തതിനാലും, നിലവിലെ സ്റ്റേഷനിൽ 3 വർഷം സേവനം പൂർത്തീകരിച്ചതിനാലുമാണ് ഓപ്പൺ വേക്കൻസി രേഖപ്പെടുത്തിയിരുന്ന വടകര മുനിസിപ്പാലിറ്റിയിലേയ്ക്ക് സ്ഥലം മാറ്റം നൽകിയത്. നിലവിൽ കോഴിക്കോട് കോർപ്പറേഷനിൽ ടിയാരിയെ നിലനിർത്തുന്നതിന് ഒഴിവുകൾ ഒന്നും തന്നെ ഇല്ലായെന്നും അപേക്ഷകയ്ക്ക് 60% ഡിസെബിലിറ്റിയുള്ളതിനാൽ കംപാഷണേറ്റ് ഗ്രൗണ്ടിൽ പരിഗണനാർഹയാണെങ്കിലും, നിലവിൽ ഒഴിവില്ലാത്തതിനാൽ കോഴിക്കോട് കോർപ്പറേഷനിൽ ഉടൻ നിയമനം നൽകാൻ കഴിയില്ല എന്നും, എന്നാൽ പ്രസ്തുത കോർപ്പറേഷനിലെ ഒന്നാംതരം ഓവർസിയർക്ക് പൊതുമരാമത്ത് വകുപ്പിൽ നിയമനം ലഭിച്ചിട്ടുള്ളതിനാൽ തസ്വഭ വകുപ്പിൽ നിന്നും വിടുതൽ ചെയ്യുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും, ആയത് അനുവദിക്കുന്ന മുറയ്ക്ക് കോഴിക്കോട് കോർപ്പറേഷനിലേയ്ക്ക് ശ്രീമതി.ജ്യോതി.സി -യെ പരിഗണിക്കുന്നതാണ് എന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) ബഹു.കോടതി ഉത്തരവ് പ്രകാരം, ശ്രീമതി.ജ്യോതി.സി -യെ തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി 02.09.2023-ന് നേരിൽ കേൾക്കുന്നതിലേയ്ക്കായി സമയം നിശ്ചയിക്കുകയും അറിയിപ്പ് നൽകുകയും ചെയ്തിരുന്നുവെങ്കിലും ടിയാരി ഹാജരായിരുന്നില്ല.

5) സർക്കാർ ഈ വിഷയം പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും പെറ്റീഷണറുടെ അപേക്ഷയുടേയും ബന്ധപ്പെട്ട രേഖകളുടേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അപേക്ഷകയ്ക്ക് 60% ഡിസെബിലിറ്റിയുള്ളതിനാൽ കംപാഷണേറ്റ് ഗ്രൗണ്ടിൽ ടിയാരിയെ പരിഗണിക്കേണ്ടതുണ്ട്. കോഴിക്കോട് കോർപ്പറേഷനിലെ ഒന്നാംതരം ഓവർസിയർക്ക് പൊതുമരാമത്ത് വകുപ്പിൽ നിയമനം ലഭിച്ചിട്ടുള്ളതിനാൽ തസ്വഭ വകുപ്പിൽ നിന്നും വിടുതൽ ചെയ്യുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും, ആയത് അനുവദിക്കുന്ന മുറയ്ക്ക് കോഴിക്കോട് കോർപ്പറേഷനിലേയ്ക്ക് ശ്രീമതി.ജ്യോതി.സി -യെ പരിഗണിക്കുന്നതാണ് എന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ, ആയത് പ്രകാരം ടിയാരിയ്ക്ക് അടിയന്തരമായി നിയമനം നൽകുന്നത് ഉചിതമായിരിക്കുമെന്ന് സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ, കോഴിക്കോട് കോർപ്പറേഷനിൽ നിലവിലുള്ള ഒന്നാംതരം ഓവർസിയർക്ക് തസ്വഭ വകുപ്പിൽ നിന്നും വിടുതൽ അനുവദിക്കുന്ന മുറയ്ക്ക് കോഴിക്കോട് കോർപ്പറേഷനിൽ ശ്രീമതി.ജ്യോതി.സി -യെ നിയമിക്കുവാൻ പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവാകുന്നു.

6) അപ്രകാരം OA നം.1330/2023 കേസിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 21.07.2023 ന് പുറപ്പെടുവിച്ച വിധിന്യായം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്കർ
അണ്ടർ സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3. ശ്രീമതി.ജ്യോതി.സി.,ഓവർസീയർ ഗ്രേഡ് I

   *(തസ്വഭവ പ്രിൻ. ഡയറക്ടർ മുഖേന)*
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Keerthi I.p
സെക്ഷൻ ഓഫീസർ
Date: 12-09-2023 12:51:46